(എഫ്) 1958-ൽ തിരഞ്ഞെടുത്ത 11 വിദ്യാർത്ഥികൾ അടുത്ത അദ്ധ്യയന വർഷത്തിൽ എന്തു ചെയ്യണമെന്നാണു് സർക്കാർ ഉദ്ദേശിക്കുന്നതു്?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ):

(എ) ഇല്ല. എന്നാൽ 1958-59-ൽ 12 പേരെ പ്രീ ഡെൻറൽ കോഴ്സിൽ ചേർത്തിട്ടുണ്ടു്.

(ബി) പ്രീ-മെഡിക്കൽ കോഴ്സിനു ഇൻറർവ്യൂ കഴിഞ്ഞു പ്രവേശനം കിട്ടാത്തവരിൽനിന്നുമാണു് യോഗ്യതാനുസരണം തിരഞ്ഞെടുത്തതു്.

(സി) ഇല്ല. എന്നാൽ പ്രീ മെഡിക്കലിൻറെയും, പ്രീ ഡെൻറലിൻറെയും സിലബസ്സുകൾ ഒന്നാണു്.

(ഡി) ഇല്ല. 1959 മാർച്ചിലാണു് ആരംഭിച്ചതു്.

(ഇ) 1959 മാർച്ചിൽ തുടങ്ങിയ ബി. ഡി. എസ്. കോഴ്സിനു പ്രീ ഡെൻറൽ കോഴ്സുകാരിൽനിന്നല്ലാ നേരിട്ടാണു് തിരഞ്ഞെടുപ്പു് നടത്തിയതു്. ഇൻറർമീഡിയറുകാരേയും സയൻസു ബിരുദധാരികളേയുമാണു് തിരഞ്ഞെടുത്തിട്ടുള്ളതു്.

(എഫ്) പ്രീ ഡെൻറൽ പരീക്ഷ പാസ്സാകുന്നവരെ ഡിഗ്രികോഴ്സിലേക്കു് പ്രവേശിപ്പിക്കുന്നതാണു്.

ശ്രീ. ടി. ഒ. ബാവാ: 1959 മാർച്ചിൽ ആരംഭിച്ച പ്രീ ഡെൻറൽ കോഴ്സിനു പ്രീ മെഡിക്കൽ കോഴ്സു് പരീക്ഷ പാസ്സാകാത്ത വിദ്യാർത്ഥികളെ ചേർക്കുവാൻ സാധിക്കാതെ വന്നതെന്തുകൊണ്ടാണു്; ഇക്കൊല്ലം പ്രവേശനം അനുവദിച്ചതു് കഴിഞ്ഞകൊല്ലം പ്രീ മെഡിക്കൽ കോഴ്സു പരീക്ഷ പാസ്സാകാതിരുന്നവരെയാണോ?

ഡാക്ടർ എ. ആർ. മേനോൻ: ഇതു് പുതുതായി തുടങ്ങിയ ഒരു കോഴ്സാണു്. കേന്ദ്രഗവണ്മെൻറിൻറെ നിർദ്ദേശപ്രകാരം ബന്ധപ്പെട്ടു തുടങ്ങിയതാണു്. അതുകൊണ്ടു് ചില തകരാറുകൾ ഉണ്ടായിട്ടുണ്ടു്. എന്നാൽ അക്കും വിഷമം വരാത്തവിധത്തിൽ ഇതിലേക്കു് മര്യാദയുള്ള ഒരു സെലക്ഷൻ നടത്താൻ നോക്കാം.

ശ്രീ. ടി. ഒ. ബാവാ: ഇക്കൊല്ലം പ്രീ ഡെൻറൽ കോഴ്സിനു പ്രീ മെഡിക്കൽ കോഴ്സിൽ പ്രവേശനം കിട്ടാത്തവർക്കെങ്കിലും അഡ്മിഷൻ കിട്ടത്തക്കനിലയിൽ വേണ്ടതു ചെയ്യുമോ?

ഡാക്ടർ എ. ആർ. മേനോൻ: അതിനെപ്പറ്റി ആലോചിക്കാം.

പൂർത്തീകരിക്കാത്ത പാലങ്ങളുടെ പ്രവൃത്തി.

* 1646. [16] ശ്രീ. സി. കുഞ്ഞുകൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോംബേ-കന്യാകുമാരി റോഡിൽ എത്ര പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കാതെ കിടപ്പുണ്ടു്;

(ബി) പ്രവൃത്തി മുഴുപ്പിച്ചിട്ടും ഒരു കൊല്ലമായി ഇറക്കാതെ നിറുത്തിയ 'പെരുമ്പ' പാലം ഉടൻ ഇറക്കിക്കൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) ഈ പാലം ഇറക്കാത്തതുകൊണ്ടു് പയ്യന്നൂർ ചേമ്പർ ഓഫ് കൊമേഴ്സിൽനിന്നും മരാമത്തു മന്ത്രിക്കു് നിവേദനം കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. അബ്ദുൽ മജീദ്):

(എ) അതെ പാലങ്ങളുടെ പണി ഇനിയും പൂർത്തിയാകാനുണ്ട്.

(ബി) ഈ പാലം പണി ഇതുവരെ പൂർത്തിയായിട്ടില്ല. പാലത്തിന്റെ ഒരു ലോൺച് സ്പാൻ കൂടി തീരാനുണ്ട്. പാലം 1960 ജനുവരിയോടു കൂടി ഗതാഗതത്തിനു തുറന്നു കൊടുക്കാൻ സാധിക്കുമെന്നാണു പ്രതീക്ഷ.

(സി) കിട്ടിയിട്ടുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഇതിന്റെ പ്രവൃത്തി മുഴുപ്പിച്ചിട്ട് എത്രകാലമായി?

ശ്രീ. അബ്ദുൽ മജീദ്: എത്രകാലമായി എന്നു പറയാൻ തീർച്ചയില്ല. ലോൺച് സ്പാനിനു തകരാറു വന്നതുകൊണ്ട് ഉണ്ടായ കാലതാമസമാണ്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: പണി പൂർത്തിയായതിനുശേഷമാണോ, അതോ അതിനു മുമ്പാണോ ഈ തകരാറു ഉണ്ടായത്?

ശ്രീ. അബ്ദുൽ മജീദ്: പണി നടന്നുകൊണ്ടിരുന്നപ്പോഴാണ്.

പഞ്ചായത്തുകളിലുള്ള മിഡ്വൈഫുകൾ.

* 647. [17] ശ്രീ. ആർ. ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നു കേരളത്തിൽ എത്ര പഞ്ചായത്തുകളിൽ മിഡ്വൈഫുകൾ ഉണ്ട്;

(ബി) എത്ര പഞ്ചായത്തുകളിൽ ഇല്ല;

(സി) ഈ മിഡ്വൈഫുകൾക്കുള്ള യോഗ്യതകൾ എന്തൊക്കെ;

(ഡി) ഇവരുടെ ശമ്പളം എന്താണെന്നു പറയാമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) 275.

(ബി) 617.

(സി) താഴെ പറയുന്ന ഏതെങ്കിലും യോഗ്യത:

1. തിരുവനന്തപുരം ഗവണ്മെന്റ് നേഴ്സിംഗ് സ്കൂളിലെ സർട്ടിഫിക്കറ്റ്.
2. നെയ്യാർ എൽ. എം. എസ്സ്. ആശുപത്രി ട്രെയിനിംഗ് സ്കൂളിലെ സർട്ടിഫിക്കറ്റ്.
3. നാഗർകോവിൽ സാൽവേഷൻ ആർമി കാതറൈൻബൂത്ത് ഹാസ്പിറ്റൽ ട്രെയിനിംഗ് സ്കൂളിലെ സർട്ടിഫിക്കറ്റ്.
4. കണ്ണറ എൽ. എം. എസ്സ്. ആശുപത്രിയിലെ സർട്ടിഫിക്കറ്റ്.
5. തിരുവല്ലാ മെഡിക്കൽ മിഷൻ നേഴ്സിംഗ് സ്കൂളിലെ 10-10-1953 മുതൽ 10-10-1956 വരെയുള്ള മൂന്നു വർഷത്തിനുള്ളിൽ ഇഷ്യൂ ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റ്.
6. ഇൻഡ്യൻ യൂണിയനിലെ ഏതെങ്കിലും സ്റ്റേറ്റ് ഗവണ്മെന്റിൽ നിന്നും ലഭിച്ചിട്ടുള്ള ട്രെയിനിംഗ് മിഡ്വൈഫ് ആൻഡ് നേഴ്സസ് സർട്ടിഫിക്കറ്റ്.
7. ഏതെങ്കിലും ഗവണ്മെന്റ് സ്ഥാപനത്തിൽനിന്നും രണ്ടുകൊല്ലം പരിശീലനത്തിനുള്ള മിഡ്വൈഫറി സർട്ടിഫിക്കറ്റും, എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റും.

(ഡി) [illegible] 35-3-65 [illegible]. ബി. -3-80.

LIBRARY ARCHIVES Kerala Legislative Assembly